# അമ്മ

കവിത

രചന: ഹലീം അഹമ്മദ്
പത്താംതരം ബി

അവരുണ്ടായിരുന്നു, അവിടെ,
നിനക്കു ജന്മമേകുവാൻ
അവരുണ്ടായിരുന്നു, അവിടെ,
നിന്നെ മുലയൂട്ടുവാൻ
അവരുണ്ടായിരുന്നു, അവിടെ,
നിനക്കന്നമേകുവാൻ
അവരുണ്ടായിരുന്നു,അവിടെ,
നിന്നെ കൈപിടിച്ച് നടത്താൻ
നിന്റെ സന്തോഷങ്ങളിൽ,വിഷമങ്ങളിൽ
പങ്കുചേരാൻ ഒരു കൈത്താങ്ങായി,സുഹൃത്തായി
എന്നുമവരുണ്ടായിരുന്നു.....................
നിന്റെ ഉയർച്ച-താഴ്ചകളിൽ
ജയപരാജയങ്ങളിൽ
കൂടെയൊരു കുളിർകാറ്റായി
എന്നുമവരുണ്ടായിരുന്നു.
നിന്റെ അമ്മ, നിന്നെ നീയാക്കിയ വാത്സല്യനിധി......!!!

..........................................................................................................................